## കേരളാ എയിഡഡ് ഹയർ സെക്കന്ററി സ്ക്കൂളുകളിലെ അദ്ധ്യാപകർ പ്രോവിഡന്റ് ഫണ്ട്, ക്ലോഷറിന് അപേക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

1. അപേക്ഷ നിർദ്ദിഷ്ഠ മാതൃകയിലായിരിക്കണം. (Form E)
2. അപേക്ഷകൾ അദ്ധ്യാപകൻ വിരമിച്ച് ഒരു വർഷത്തിനകം ബന്ധപ്പെട്ട ആർ.ഡി.ഡി ഓഫീസ് മുഖാന്തിരം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
3. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ഷെഡ്യൂളുകളിൽ ശരിയായ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയിരിക്കണം. റിട്ടയർമെന്റ് ഡേറ്റ് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
4. അദ്ധ്യാപകന്റെ പേര്, സ്ഥിരമായ വിലാസം, തീയതിയോടുകൂടിയ ഒപ്പും അപേക്ഷയോടൊപ്പമുള്ള ഡിക്ലറേഷനിൽ കാണിക്കേണ്ടതാണ്. അതിനോടൊപ്പം രണ്ടു സാക്ഷികൾ അവരുടെ പേരും, ജോലിയും രേഖപ്പെടുത്തി തീയതിയോടു കൂടിയ ഒപ്പും രേഖപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞ രണ്ടിലും പ്രിൻസിപ്പാൾ തീയതിയോടുകൂടി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
5. അപേക്ഷയിൽ ട്രഷറിയുടെ പേര് രേഖപ്പെടുത്തിയിരിക്കണം.
6. പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ ഓപ്ഷൻ ഫോം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
7. പ്രിൻസിപ്പൾ/ആർ.ഡി.ഡി സാക്ഷ്യപ്പെടുത്തിയ Verification Report.
8. അവസാനം ലഭിച്ച ക്രഡിറ്റ് കാർഡിന്റെ കോപ്പി.
9. മുൻ വായ്പ എടുത്തിട്ടുണ്ടെങ്കിൽ ആ ഓർഡറിന്റെ കോപ്പി
10. ഡി.എ കുടിശ്ശികയെ സംബന്ധിച്ചുള്ള ഓരോ സർക്കാർ ഉത്തരവിലും വരിക്കാരന് ലഭിച്ച തുകയും ജി.ഒ നമ്പരും തീയതിയും അതിന്റെ കാലയളവും, ബിൽ മാറിയ തീയതിയും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
11. വരിക്കാരൻ അക്കൗണ്ടിൽ നിന്നും NRA/TA എടുത്തിട്ടുണ്ടെങ്കിൽ എടുത്തിട്ടുള്ള വായ്പകൾ കൂടാതെ മറ്റു വായ്പകളൊന്നും എടുത്തിട്ടില്ലെന്നുള്ള പ്രിൻസിപ്പാളിന്റെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം പ്രത്യേകം നല്കേണ്ടതാണ്.
12. വരിക്കാരൻ പി.എഫ് വായ്പ നാളിതുവരെ എടുത്തിട്ടില്ലെങ്കിൽ വായ്പ എടുത്തിട്ടില്ലെന്നു എബിസി സ്റ്റേറ്റ്മെന്റിലെ കോളം നമ്പർ സിയിൽ രേഖപ്പെടുത്തി പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
13. കേരളാ എയിഡഡ് സ്ക്കൂൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗമായിരുന്നവർ അവരുടെ കേരളാ എയിഡഡ് സ്ക്കൂൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് തീർപ്പാക്കിയ തുക കേരളാ എയിഡഡ് ഹയർ സെക്കന്ററി സ്ക്കൂൾ പ്രോവിഡന്റ് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ടെങ്കിൽ അത് തെളിയിക്കുന്നതിനുള്ള രേഖയുടെ കോപ്പി (ചെല്ലാൻ/അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നുള്ള അറിയിപ്പ്) സമർപ്പിക്കേണ്ടതാണ്.
14. ഓരോ മാസത്തേയും ഷെഡ്യൂളിന്റെ കോപ്പിയിൽ Gross Amount, Net Amount, Date of Encashment എന്നിവ രേഖപ്പെടുത്തി പ്രിൻസിപ്പൾ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കണം.

15. ട്രാൻസ്ഫർ ക്ലോഷറിന് അപേക്ഷിക്കുമ്പോൾ വരിക്കാരൻ ജോലി നോക്കിയിരുന്ന എയ്ഡഡ് സ്ക്കൂളിൽ നിന്നുള്ള റിലീവിംഗ് ഓർഡറിന്റെ കോപ്പി നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.
16. റിട്ടയർമെന്റിന് മുമ്പാണ് ക്ലോഷർ അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ റൂൾ 30 (സി) അനുസരിച്ചുള്ള ഓപ്ഷൻ ഫോറം കൂടി സമർപ്പിക്കേണ്ടതാണ്.
17. സർവ്വീസിലിരിക്കെ മരിച്ചുപോയ ജീവനക്കാരുടെ അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയോടൊപ്പം Nomination Form (രണ്ടു സാക്ഷികളുടേയും, വരിക്കാരന്റേയും ഒപ്പോടുകൂടിയ) Death Certificate ന്റെ copy, Departmental Enquiry Certificate/Heirship Certificate എന്നിവ കൂടി ഹാജരാക്കേണ്ടതാണ്.